# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ആനിക്കാട് ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്

## 2021-2022



# കേരള സംസ്ഥാന ഓഡിറ്റ വകുപ്പ
# ജില്ലാ ഓഡിറ്റ് കാര്യാലയം
# പത്തനംതിട്ട-689645

**ഇ-മെയിൽ: dopta.ksad@kerala.gov.in**

**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി. എ.പി 7/174/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 22/03/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആനിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ്

പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി. എ.പി 7/174/23

തീയ്യതി: 22/03/2023

# പത്തനംതിട്ട ജില്ലയിലെ ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-04-2022 മുതൽ 31-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-02-2023 തിയതിയിലെ ഓഡിറ്റ് സമാപന

യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 06-02-2023 | 15-02-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-02-2023 | 15-02-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.അശ്വതി വി.നായർ, ഓഡിറ്റർ
ശ്രീമതി.ആശ എം.കുരുവിള, ഓഡിറ്റർ
ശ്രീമതി.സിന്ധുമോൾ വി.എൻ. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി പ്രമീള വസന്ത് മാത്യു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ രഞ്ജിത് വി. | സെക്രട്ടറി | 01-04-2021 | 31-03-2022 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | ത (ല |
|---|---|---|
| ശ്രീ.ഷാജി ബി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | |
| ശ്രീ.ദിലീപ് എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | |
| ശ്രീമതി.ജലജാകുമാരി പി.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | |
| ശ്രീമതി.അനില റ്റി ശശി | കൃഷി ഓഫീസർ | |
| ശ്രീ.നിഷോർ റ്റി | മെഡിക്കൽ ഓഫീസർ, FHC | |
| ശ്രീ.ഭക്തി പി.ജോസഫ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | |
| ശ്രീ.സുബ്ബയ്യൻ എൻ | വെറ്ററിനറി സർജൻ | |
| ശ്രീമതി.സുമയ്യ എ | വെറ്ററിനറി സർജൻ | |
| ശ്രീമതി.രമ്യ കെ വാസു | വെറ്ററിനറി സർജൻ | |
| ശ്രീമതി. പ്രസന്ന പി എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | |
| ശ്രീമതി. ജെസ്സി തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | |
| ശ്രീമതി .സിന്ധു വി | ഫിഷറീസ് ഓഫീസർ | |
| ശ്രീ.ശ്രീകുമാർ ജെ | ഫിഷറീസ് ഓഫീസർ | |
| ശ്രീമതി. ജലജാമണി | വി.ഇ.ഒ - സർക്കിൾ I | |

| | | |
|---|---|---|
| ശ്രീമതി.അഞ്ജലി സന്തോഷ് | വി.ഇ.ഒ - സർക്കിൾ I | |
| ശ്രീമതി.ആതിര എസ് | വി.ഇ.ഒ - സർക്കിൾ II | |

01.04.2021 മുതൽ 30.04.2021 വരെ ശ്രീമതി.ജലജാമണിക്ക് (വി.ഇ.ഒ1) ചാർജ്ജായിരുന്നു

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവുചെലവ് കണക്കിലെ അപാകതകൾ | 1-4-1 |
| 5 | ഗ്രാന്റ് വിനിയോഗം (ഗ്രാന്റ്സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത്) | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | പഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല | 1-11 |
| 13 | രസീതുബുക്കുകളുടെ പരിപാലനത്തിലെ അപാകങ്ങൾ | 1-12 |
| 14 | തൊഴിൽനികുതി പിരിവ് അപാകങ്ങൾ | 1-13 |
| 15 | റേഷൻ റീട്ടെയ്ൽ ഷോപ്പുകൾ ലൈസൻസ് എടുത്തിട്ടില്ല | 1-14 |
| 16 | വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. | 1-15 |
| 17 | മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു | 1-16 |
| 18 | അധികമായി ആനുകൂല്യം അനുവദിച്ചു | 1-17 |
| 19 | മുൻകൂറുകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു | 1-18 |
| 20 | അതിദരിദ്രർക്ക് ക്ഷേമപ്പെൻഷൻ ഉറപ്പാക്കുന്നില്ല | 1-19 |
| 21 | ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത | 1-20 |

| | | |
|---|---|---|
| | മുറയ്ക്ക് പെൻഷൻ റദ്ദ് ചെയ്തില്ല | |
| 22 | കുറഞ്ഞനിരക്ക് അംഗീകരിച്ചില്ല | 1-21 |
| 23 | ടാർ ബാരൽവില ഈടാക്കിയില്ല | 1-22 |
| 24 | പുളിക്കാമല ക്ലബ്ബടി പുറത്തേപ്പടി റോഡ് പുനരുദ്ധാരണം -ബില്ല് തയ്യാറാക്കിയതിൽ അപാകതകൾ | 1-23 |
| 25 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - തുടർ നിരീക്ഷണം ശക്തമാക്കേണ്ടതാണ് | 1-24 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-25 |
| 27 | ആശുപത്രി മാനേജിംഗ് കമ്മറ്റി രൂപീകരിച്ചില്ല | 1-26 |
| 28 | എസ്.എസ്.എ/ആർ.എം.എസ് വിഹിതം- വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-27 |
| 29 | വെള്ളക്കരം കുടിശ്ശിക | 1-28 |
| 30 | അഗതി രഹിത കേരളം പദ്ധതി -അവലോകനം | 1-29 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | അധികനിരക്കിൽ സബ്സിഡി അനുവദിച്ചു | 3-1 |
| 2 | കുറഞ്ഞനിരക്ക് കപാട്ട് ചെയ്ത ടെണ്ടർ അംഗീകരിച്ചില്ല | 3-2 |
| 3 | ബാരൽവില ഈടാക്കിയില്ല | 3-3 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തിയ്ക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |

| | | |
|---|---|---|
| 8 | ചാർജ് സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

25.02.2021 ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവത
വർഷത്തേക്കുള്ള ബജറ്റ് 1-1 തീരുമാന പ്രകാരം അംഗീകാരം
100948250ചെലവും ₹2344821/- രൂപ മിച്ചവും വരുന്നതായിരുന്നു ബജറ്റ്. പ
പഞ്ചായത്ത് കമ്മിറ്റിയുടെ 3(1) തീരുമാന പ്രകാരം അംഗീകരിച്ചു.

**ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാ നടത്തുന്നില്ല**

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെല
എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീക
ബജറ്റ് അവലോകനം നടത്തുന്നില്ല. 2021-22ലെ ബജറ്റ് എസ്റ്റിമേറ്റും വാർ
പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അ
ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവു
കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് |
|---|---|---|---|---|
| 1 | | നികുതി വരവുകൾ | 4400000 | 2779930 |
| | എ | വസ്തുനികുതി | 3600000 | 2330740 |
| | ബി | തൊഴിൽ നികുതി | 800000 | 449190 |
| 2 | | നികുതിയിതര വരവുകൾ | 2392500 | 509540 |
| | എ | വാടക കെട്ടിടങ്ങൾ | 7500 | 7752 |
| | ബി | ലൈസൻസ് | 40000 | 54450 |
| | | പലിശ | 250000 | 81060 |
| | | നിക്ഷേപങ്ങൾ-കണ്ടുകെട്ടിയത് | 300000 | 0 |
| 3 | | പൊതു ഉദ്ദേശ്യ ഗ്രാന്റ് | 7814000 | 7829157 |
| 4 | | വികസന ഫണ്ട് | 17429000 | 14519865 |
| 5 | | സംരക്ഷണ ഗ്രാന്റ് | 19540000 | 15405989 |

| | | | | | |
|---|---|---|---|---|---|
| 6 | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 12545000 | 10253182 | |
| 7 | | ഭരണ ചെലവുകൾ | 1315000 | 501951 | |
| 8 | | ഓപ്പറേഷൻസ് & മെയിന്റനൻസ് | 2245000 | 1681149 | |
| 9 | | പ്ലാൻ-ഉല്പാദന മേഖല | 3532750 | 2881459 | |
| 10 | | പ്ലാൻ-സേവന മേഖല | 34163500 | 29428310 | |
| 11 | | പ്ലാൻ-പശ്ചാത്തല മേഖല | 0 | 2086674 | |
| 12 | | പ്ലാൻ-മേഖല വിഭജനത്തിൽ ഉൾപ്പെടാത്തത് | 600000 | 893587 | |

ബജറ്റ് പ്രകാരം പശ്ചാത്തല മേഖലയിൽ ചെലവ് ഇല്ല. എന്നാൽ, വാർ
ചെലവുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അ
അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വര
പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേ
മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താര
ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങ
തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യ
തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്ര
യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധ
പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധ
എയിംസിൽ സമർപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 1
തീരുമാനപ്രകാരം അംഗീകരിച്ച വാർഷിക ധനകാര്യപത്രികയിൽ
പ്രകാരം 4937237രൂപ പ്രാരംഭബാക്കിയും 5117495‌6രൂപ തൻവർഷ വര
ചെലവും 6928115രൂപ നീക്കിബാക്കിയുമായി ചേർത്തിരിക്കുന്നു. ഇൻക
പ്രകാരം 93661471 രൂപ വരുമാനവും 96088714രൂപ ചെലവും ഉൾപ്പെടുത
ലഭിച്ച മുൻകാല വരവ് തുക 159718രൂപ ഉൾപ്പെടെ 2267525രൂപ തൻവർഷ
കണക്കാക്കുന്നു. 31.03.2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം 58718688.19 രൂപ
രൂപ ബാദ്ധ്യതയായും ഉൾപ്പെടുത്തിയിരിക്കുന്നു. പഞ്ചായത്ത് ജനറൽ പ
വാർഷിക കണക്കിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ ബി-3 : Capital Contribution – മുൻവർഷ
രേഖപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ആസ്തികൾ സൃഷ്ടിക്കു
ബന്ധപ്പെട്ട ഹെഡിലേക്ക് മാറ്റിയിട്ടില്ല.

2. ഷെഡ്യൂൾ ബി-4 : Beneficiary Contributions – 41,832 രേഖപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ കൃത്യത ബോധ്യപ്പെടുന്നത ലഭ്യമാക്കിയില്ല.

3. ഷെഡ്യൂൾ ബി-9 : Recoveries Payable Dues To Other Pacnchayats എന്ന രേഖപ്പെടുത്തിയിരിക്കുന്നത്. യഥാർത്ഥത്തിൽ മറ്റ് പഞ്ചായത്തിലേ അടവാക്കുവാനുള്ള തുക 9000 രൂപയാണ്. ആയത് ക്രമീകരിക്കേണ്ടതാ

4. ഷെഡ്യൂൾ ബി-18: ഫെസ്റ്റിവൽ അഡ്വാൻസായി 24000 രൂപ കാണിച്ച് ഈ ഇനത്തിൽ 15000 രൂപ മാത്രമാണുള്ളത്. ഇതിൽ രേഖപ്പെടുത്തിയ Payable Dues To Other Pacnchayats എന്ന ഹെഡിൽ രേഖപ്പെടു ക്രമീകരിക്കേണ്ടതാണ്.

5. ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽ വിനിയോഗ വിവരം രേഖപ്പെടുത്തി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റി

| | | |
|---|---|---|
| Deposit With KWA | Rs. 13,60,412 | ടി തുകയിൽ 3,07,701 രൂപയുടെ വിനിയോ അതോറിറ്റിയിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്. |
| Depoist With KSEB | Rs. 8,55,023 | ടി തുകയിൽ 7,47,413 രൂപയുടെ വർക്കുകളു വർക്കുകളുടെ വിനിയോഗ സാക്ഷ്യപത്രം ഏ തുക വാർഷിക ധനകാര്യ പത്രികയിൽ ക്രമീ |

6. ഷെഡ്യൂൾ ബി-18: Advance To Others – ഇത് കോവിഡ് അനുബന്ധ പ്ര അഡ്വാൻസ് തുയാണ് (₹59,586) ഇതിന്റെ ബില്ലുകൾ ലഭ്യമായിട്ടും ടി ആയതിനാൽ നീക്കിയിരിപ്പ് തുക കൃത്യമല്ല.

വാർഷിക ധനകാര്യ പത്രികയിലെ മേൽ പരാമർശിച്ചി വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ചു നൽകിയ ഓഡി തീയതി 15.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശിച്ച പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ

| | | | |
|---|---|---|---|
| മുന്നിരിപ്പ് | ക്യാഷ് | 11252 | 4937 |
| | ബാങ്ക് | 4925985 | |
| വരവ് | | | 5117 |
| ആകെ | | | 5611 |
| ചെലവ് | | | 4918 |
| നീക്കിയിരിപ്പ് | ക്യാഷ് | 6928115 | 5611 |
| | ബാങ്ക് | 0 | |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവുചെലവ് അപാകതകൾ

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വികസന ഫണ്ട്

നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ എടുത്തിട്ടില്ല
ചേർക്കുന്നു.

| ഗ്രാന്റിനം | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട് മെന്റ് തുക | ഗ്രാന്റ്സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവുകൾ | | ഗ്രാന് |
|---|---|---|---|---|
| | | വരവ് | ചെലവ് | |
| വികസനഫണ്ട് (ജനറൽ) | 9032052 | 8082119 | 8647353 | ₹ 9,4 എടുത<br>(അങ്ക ജീവന പ്രതി ട്രാൻസ ചെയ്യു (₹ 7446 മിഷന തിരി സ്രോ കുറവ് എന്നി എടുത |
| വികസനഫണ്ട് (എസ്.സി.പി.) | 4366269 | 4190269 | 4109800 | (ലൈ മുതൽ (₹17600 നിന്നു തുക എടുത |

## 1-4 ഗ്രാന്റ് വിനിയോഗം (ഗ്രാന്റ്സ്റ്റേറ്റ്മെന്റ് പ്രകാരമ

| ഗ്രാന്റ് | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട് മെന്റ് തുക | യഥാർത്ഥ വരവ് ചെലവുകൾ | | സുലേ പ്രകാരമു ചെലവ് |
|---|---|---|---|---|
| | | വരവ് | ചെലവ് | |
| | A | B | C | D |
| വികസനഫണ്ട് (ജനറൽ) | 9032052 | 9032052 | 8647353 | 8647353 |
| വികസനഫണ്ട് (എസ്.സി.പി) | 4366269 | 4366269 | 4109800 | 4109800 |

| | | | | |
|---|---|---|---|---|
| വികസനഫണ്ട് (ടി.എസ്.പി) | 19000 | 19000 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 4072571 | 4072571 | 1075334 | 1765752 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 1852078 | 1852078 | 690418 | |
| സംരക്ഷണ ഫണ്ട്-റോഡ് | 15195676 | 15195676 | 13094843 | 13094843 |
| സംരക്ഷണ ഫണ്ട് -റോഡിതരം | 4877215 | 4877215 | 2311146 | 2311146 |

**പ്രത്യേക ഗ്രാന്റുകൾ ഇനം തിരിച്ച്**

**(1) സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരി**

| ഇനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെ |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | മഴക്കാല പൂർവ്വ ശുചീകരണം | 0 | 130000 | 130000 | 1300 |
| | PBIG | 680276 | 0 | 680276 | 3453 |
| വിമുക്തി | | 12500 | 0 | 12500 | 0 |
| ജലനിധി | | 252450 | 0 | 252450 | 0 |
| സാക്ഷരത | | 3224 | 122 | 3346 | 0 |
| ലൈഫ് | | 512733 | 700000 | 1212733 | 6000 |
| കില - പരിശീലനം | | 0 | 12303 | 12303 | 7125 |
| **(2) കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)** | | | | | |
| MGNREGS | തൊഴിലാളികളുടെ കൂലി | 0 | 13804133 | 13804133 | 1380 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 233 | 325779 | 326012 | 3258 |
| ICDS | | 808010 | 305720 | 1113730 | 4078 |

## 1-5 പദ്ധതി അവലോകനം

2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പില താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാ (എ |
|---|---|---|---|---|---|
| 162 | 54366192 | 128 | 36116837 | 0 | |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷ വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ ന മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ

ചെയ്തിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ ന അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.വിവിധ നിർവ്വഹണ ഉദ്യോ നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയപ്രോജക്ടുകൾ |
|---|---|---|
| കൃഷി ഓഫീസർ | 7 | 7 |
| വെറ്ററിനറി സർജൻ | 3 | 3 |
| മെഡിക്കൽ ഓഫീസർ- പി.എച്ച്.സി | 3 | 3 |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | 1 | 1 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 20 | 17 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 7 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 |
| സെക്രട്ടറി | 28 | 24 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 89 | 63 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 |
| ആകെ | 162 | 128 |

വിഭാഗം

| വിഭാഗം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കല |
|---|---|---|---|---|
| പൊതുവിഭാഗം | 152 | 118 | 77.63 | 4373015 |
| പ്രത്യേക ഘടകപദ്ധതി | 10 | 10 | 100 | 1063603 |
| പട്ടികവർഗ്ഗ ഉപപദ്ധതി | 0 | 0 | 0 | |
| ആകെ | 162 | 128 | 77.63 | 5436619 |

മേഖല

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ |
|---|---|---|---|---|
| ഉല്പാദനം | 15 | 14 | 88.88 | 5174075 |
| സേവനം | 60 | 54 | 90 | 27434240 |
| പശ്ചാത്തലം | 87 | 60 | 68.97 | 21757877 |
| ആകെ | 162 | 128 | 79.01 | 54366192 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് |
|---|---|---|---|---|
| ഭരണ ചെലവുകൾ | 233 | 325779 | 326012 | 325[illegible] |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 13804133 | 13804133 | 13804 |
| ആകെ | 233 | 14129912 | 14130145 | 14130[illegible] |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക എ |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3,311,700 | 197 |
| വിധവാപെൻഷൻ | 2753100 | 178 |
| വാർദ്ധക്യകാലപെൻഷൻ | 18,228,700 | 1146 |
| വികലാംഗപെൻഷൻ | 2,753,100 | 178 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 379,200 | 25 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാ പരിശോധന 9.02.2023 തീയതിയിൽ 3.30 PM ന് ഉത്തരവാദപ്പെട്ട ഉദ്യോ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പായ 7912 തൊള്ളായിരത്തി പന്ത്രണ്ട്) കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

മാസാന്ത്യ, വർഷാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തി കണ അനുബന്ധ രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമാണ്. ഓ ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുള്ളത് കൃത്യമായ

വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തി
നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ
കൃത്യമായി ക്രോഡീകരിച്ചു സൂക്ഷിക്കുവാനും യഥാകാലം ക
സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടു
കാലികമാക്കിയിട്ടില്ല. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പ്
ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെ
ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യ
വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളു
ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടുമാണ് തുക ചെലവഴിക്കുന്നതെ
കമ്മിറ്റി ഉറപ്പുവരുത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.06.2022 മുതൽ 16.06.2022 വരെ | 01/2022- 3/2022 | 1 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.11.2017 | 2016-17 | |

## 1-11 പഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല

2021-22 സാമ്പത്തിക വർഷത്തെ തനത് വരവ് - ചെലവ് കണ
ഗ്രാമപ്പഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല എന്നു കാണുന്ന
വരവുകൾ, ഗ്രാമപഞ്ചായത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ് /അഡ്മി
നടത്തുന്നതിന് പര്യാപ്തമല്ല. കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധ
വിശദവിവരം ചുവടെ ചേർക്കുന്നു. (Income & Expenditure Statement പ്രകാരമ

| **ഷെഡ്യൂൾ** | **തനത് വരുമാനം** | **തുക** | **ഷെഡ്യൂൾ** | **ചെല** |
|---|---|---|---|---|
| I-1 &I-2 | Tax Revenue | 2779930 | I-10(B) | *Establishme Expenses* |
| I-3 | Fees User Charges | 275399 | I-11(B) | Administrat Expenses |
| I-4(B) | Sale Hire Charges | 52614 | I-12(B) | Operations Maintenanc |
| I-8 | Interest Earned | 81060 | I-13 | Interest Fir Charges |
| I-9 | Other Income | 92715 | | |
| | **ആകെ** | **3289470** | | |

**മിച്ച ഫണ്ട് (12437630-3289470) : (-)9148160**

സാമ്പത്തിക വർഷം പൊതുആവശ്യ ഗ്രാന്റായി **78,29,157**
പൊതുആവശ്യ ഗ്രാന്റ് ലഭിയ്ക്കുന്നതുകൊണ്ട് മാത്രമാണ് ജ
ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, വൈദ്യുതചാർജ്, വെള്ളക്കര
നല്കുവാൻ കഴിയുന്നത്.

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശസ്വയംഭരണ
ചുമതലകളും ഉത്തരവാദിത്തങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതല
കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ അ
നികുതി/നികുതിയേതര സ്രോതസ്സുകളിൽനിന്നുള്ള വരുമാനം
അതുപോലെതന്നെ സ്ട്രീറ്റ് ലൈറ്റ്, പൊതുടാപ്പുകളുടെ വെള്ളക്കരം
ചെലവുകൾ പരമാവധി കുറച്ചുകൊണ്ടുവന്ന് പഞ്ചായത്തിന്റെ
ചെയ്യുന്നതിനും, ക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് സർക
ആശ്രയിക്കാതെ എല്ലാ സ്രോതസ്സുകളും പൂർണ്ണമായി പ്രയോജനപ്പെ
സാധ്യമായ മാർഗ്ഗങ്ങളിൽനിന്നെല്ലാം സ്വരൂപിക്കുന്നതിനും പഞ്ചാ
ശ്രമം ഉണ്ടാകേണ്ടതാണ്.

## 1-12 രസീതുബുക്കുകളുടെ പരിപാലനത്തിലെ അപാ

2021-22 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്ന് വിവിധ നിർവ്വഹണ
ചെയ്ത രസീതുബുക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങ

1. നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീതുബുക്കുകൾ ന
തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ( ഉദാ.ബുക്ക് നം.,9292

2. സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ അവശേഷിക്കു
ചെയ്തു സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ഉദാ.ബുക്ക് നം.9292 രസീത് നം.64 മുത
രസീത് നം.53 മുതൽ 100 വരെ).

മേൽ സൂചിപ്പിച്ച അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ

## 1-13 തൊഴിൽനികുതി പിരിവ് അപാകങ്ങൾ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാല
ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, 6
തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവാ
ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ
ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204
പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അ
ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന തൊഴിൽനികുതി രജിസ്റ്റർ, റിട്ടേ
പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. നിയമാനുസൃതം നോട്ടീസ് നൽകുന്നില്ല

കേരളാ പഞ്ചായത്തിരാജ് ആക്ട് 205(ബി) പ്രകാരം ഗ്രാമപഞ്ചായ
സ്ഥാപനങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നികുതിക്ക
സമർപ്പിക്കുവാൻ സെക്രട്ടറി നോട്ടീസു മൂലം ആവശ്യപ്പെടാൻ
ഇപ്രകാരം ആവശ്യപ്പെട്ടിട്ടില്ലായെന്ന് പരിശോധനയിൽ വ്യക്തമ
ഒടുക്കുവാൻ ബാധ്യസ്ഥനായ ഏതൊരാളിൽ നിന്നും ഗ്രാമ പഞ്ചായ

തൊഴിൽ നികുതി വസൂലാക്കാൻ വകപ്പ് 205ഡി പ്രകാരം തൊഴിലുടമ
തലവന്റെയോ, തൊഴിലുടമയുടെയോ ഭാഗത്തുനിന്നുള്ള വീഴ്ച്ച കാ
അത് അയാളിൽ നിന്നുള്ള കുടിശ്ശിക എന്ന പോലെ
വസൂലാക്കാവുന്നതാണെന്ന് വകുപ്പ് 205(3) ലും നിഷ്ക്കർഷിച്ചിട്ടുണ്ട്.
ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും വിപുലമായ വ്യ
നിയമത്തിലും തൊഴിൽ നികുതി ചട്ടങ്ങളിലും ഉണ്ടെങ്കിലും ആയ
നടപടികൾ സ്വീകരിക്കാത്തതു മൂലം ഓരോ വർഷവും തനത് വരുമാന
നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഈ വിഷയത്തിൽ വരും വർഷങ്ങ
സ്വീകരിക്കേണ്ടതാണ്.

2. <u>താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് 2021-22
തൊഴിൽനികുതി ഈടാക്കിയിട്ടില്ല.</u>

| സ്ഥാപനം | അർദ്ധ വർഷം |
|---|---|
| പോസ്റ്റോഫീസ്, പുന്നവേലി | രണ്ടാം അർദ്ധ വ |
| പോസ്റ്റോഫീസ്, നൂറോമ്മാവ് | രണ്ടാം അർദ്ധ വ |
| പുല്ലുകുത്തി ക്ഷീരോല്പാദക സംഘം | രണ്ടാം അർദ്ധ വ |

3. <u>ലൈസൻസ് എടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴി</u>

2021-22 വർഷത്തിൽ ലൈസൻസ് എടുത്ത മിക്ക സ്ഥാപനങ്ങ
ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണം ലൈസൻസ് അപേക്ഷകള്
അപ്രകാരം രേഖപ്പെടുത്തിയിട്ടുള്ളവയിൽ ഏതാനും സ്ഥാപനങ്ങളി
മാത്രമാണ് തൻവർഷം തൊഴിൽനികുതി ഈടാക്കിയിട്ടുള്ളത്.

ഇപ്രകാരം തൊഴിൽനികുതി ഈടാക്കാത്ത സ്ഥാപനങ്ങളുടെ ഏതാന
ചേർക്കുന്നു.

| സ്ഥാപനം | ജീവനക്കാരുടെ |
|---|---|
| ഫിലിപ്സ് ഗ്രാനോ പ്രൊഡക്ട്സ് | 19 |
| നിസ്സാർ മീറ്റാ പാലസ് | 15 |
| പാരഡൈസ് ഇന്റർലോക്ക് | 4 |

ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈ
സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ
ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്
ലഭ്യമാക്കിയ മറുപടിയിൽ ടി സ്ഥാപനങ്ങളിലെ ജീവനക്ക
ഈടാക്കുന്നതിനായി സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ട
തൊഴിൽനികുതി പരിധിയിൽ ഉൾപ്പെടുന്ന എല്ലാ ജീവനക്കാരി
തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

4. **<u>മരാമത്ത് പ്രവൃത്തിയുടെ കരാറുകാരിൽ നിന്നും തൊഴിൽ നി</u>**

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളു
താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാ

| പേര് | അർദ്ധ വർഷം |
|---|---|
| ലിൻസൺ പി.ജോൺ | ഒന്നും രണ്ടും അർദ്ധ വർ |
| ഒ.എം.മാത്യു | ഒന്നും രണ്ടും അർദ്ധ വർ |
| ബിജു ജോസഫ് | ഒന്നും രണ്ടും അർദ്ധ വർ |
| ശരവൺ ആർ നാഥ് | ഒന്നും രണ്ടും അർദ്ധ വർ |
| പി.എം.കബീർ | ഒന്നും രണ്ടും അർദ്ധ വർ |
| ജോൺതോമസ് | ഒന്നും രണ്ടും അർദ്ധ വർ |
| സോണി ജോസഫ് | ഒന്നും രണ്ടും അർദ്ധ വർ |
| ബബിതു സുരേന്ദ്രൻ | ഒന്നും രണ്ടും അർദ്ധ വർ |
| ലിജോ സാം വർഗ്ഗീസ് | ഒന്നും രണ്ടും അർദ്ധ വർ |
| ജോൺ സി.തോമസ് | ഒന്നും രണ്ടും അർദ്ധ വർ |
| വർഗ്ഗീസ് ജോർജ്ജ് | ഒന്നും രണ്ടും അർദ്ധ വർ |
| ബാബു കുര്യൻ | ഒന്നും രണ്ടും അർദ്ധ വർ |
| കെ.എം.ജോർജ്ജ് | ഒന്നും രണ്ടും അർദ്ധ വർ |

മേൽ പരാമർശിച്ചിട്ടുള്ള കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവ തൊഴിൽ നികുതി ഒടുക്കാത്തവരിൽ നിന്നും ചട്ട പ്രകാരമ അടിയന്തിരമായി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ട

## 1-14 റേഷൻ റീട്ടെയ്ൽ ഷോപ്പുകൾ ലൈസൻസ് എടു

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996ലെ കേരള പഞ്ചാ വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും പ്രവർത്തിക്കാൻ പാടില്ല. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയ് തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതി സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.( അറിയിച്ചിട്ടുണ്ട്.

ഗ്രാമപ്പഞ്ചായത്തിൽ 12 റേഷൻ റീട്ടെയ്ൽ ഷോപ്പുകൾ പ്രവ പരിശോധിച്ചതിൽ ഇവ ഓഡിറ്റ് വർഷം ലൈസൻസ് എടുത്തിട്ടില്ല. സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ളതായും ബാക്കിയുള്ള എടുക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും 5/09.02.2023)ലഭ്യമാക്കിയ മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. സ്ഥാപനങ്ങളും നിയമാനുസൃതം ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കു

## 1-15 വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവ

ഗ്രാമപഞ്ചായത്തിലെ പാർപ്പിട, പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തു നി സഞ്ചയ സോഫ്റ്റ് വെയർപ്രകാരം 5,56,427/- രൂപ പിരിച്ചെടുക്കാനു

വർഷങ്ങളിലെ വസ്തുനികുതി കുടിശ്ശികയായിട്ടുള്ള ചില കെട്ടിട ഉടമ
ചേർക്കുന്നു.

| ക്രമ നം | പേര് | വാർഡ് നം / കെട്ടിട നം | തുക |
|---|---|---|---|
| 1 | സണ്ണി ഫിലിപ്പ് | 5/50 | 4160 |
| 2 | ബാബു | 5/4 | 3780 |
| 3 | കെ.ജി.തങ്കച്ചൻ | 5/41 | 2268 |
| 4 | തങ്കമ്മ ഐസക് | 5/71 | 1868 |
| 5 | തോമസ് കുരുവിള | 1/92 | 2836 |
| 6 | വർഗ്ഗീസ് വർഗ്ഗീസ് | 2/380 | 2985 |
| 7 | ഫിലിപ്പ് വർഗ്ഗീസ് | 3/147 | 1412 |
| 8 | എം.എം.റംലാബീവി | 4/78 | 2180 |
| 9 | സജി കെ.എ | 4/45 | 1434 |
| 10 | വൽസമ്മ വർഗ്ഗീസ് | 6/106 | 7972 |
| 11 | ജോസഫ് പി.തോമസ് | 6/339 | 1616 |
| 12 | കരുണാകരൻ | 7/80 | 2460 |
| 12 | അനസ് | 7/353 | 3030 |
| 13 | അനിൽ കുമാർ | 8/54 | 3452 |
| 14 | പി.എ.വർഗ്ഗീസ് | 9/266 | 4536 |
| 15 | അജിത്ത് | 9/268 | 7090 |
| 16 | അന്നമ്മ കുരുവിള | 9/308 | 2584 |
| 17 | മത്തായി വർഗ്ഗീസ് | 10/49 | 4719 |
| 18 | രാജമ്മ സി.കെ | 10/171 | 1189 |
| 17 | സണ്ണി ജോൺ | 10/187 | 3310 |
| 18 | ജോൺസൺ പി.മാത്യു | 10/337 | 3150 |
| 19 | ജോൺ മത്തായി | 11/185 | 1616 |
| 20 | കെ.ജി.വാസു | 5/61 | 1550 |
| 21 | മത്തായി വർഗ്ഗീസ് | 10/49 | 4719 |
| 22 | റജി വർഗ്ഗീസ് | 10/87 | 8047 |
| 23 | വി.ജി.ശങ്കരനാരായണൻ പിള്ള | 10/108 | 2130 |
| 24 | ജോസഫ് മത്തായി | 10/110 | 2127 |
| 25 | റവ.ടി.പി.മാത്യു | 10/159 | 2365 |
| 26 | പ്രദീപ് കുമാർ | 8/ 79 | 6180 |
| 27 | രാജൻ മാത്യു | 10/157 | 2084 |

വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കാതിരുന്നതിന് വ
നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/14.02.2023) മറുപടിയായി 1,88,
ആർ.ആർ നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും നിലവിൽ വസ്തു നി
പിരിച്ചെടുക്കുന്നതിനായി കുടുംബശ്രീ മുഖേന ഡിമാന്റ്
നടത്തിയിട്ടുണ്ടെന്നും 2023 മാർച്ച് 31നകം പൂർണ്ണമായും പിരിച്ചെടുക
അറിയിച്ചിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടു
ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-16 മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു

പാലിയേറ്റീവ് രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാ
ഇൻവോയ്സ് നമ്പർ- PRF 5675/11.02.2022 പ്രകാരം 2,05,000/-രൂപ (ബിൽ നമ്പ
മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനു നൽകിയതിൽ 1,66,569/-രൂ
ലഭ്യമായിട്ടുള്ളൂ. അവശേഷിക്കുന്ന 38,431/-രൂപയുടെ മരുന്നുകൾ
നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 അധികമായി ആനുകൂല്യം അനുവദിച്ചു

45000 രൂപ പരമാവധി ആനുകൂല്യം നിശ്ചയിച്ചിരുന്ന S0010/22
(ജനറൽ) പദ്ധതി പ്രകാരം ശ്രീമതി പൊന്നമ്മ കെ. കെ, മുതുപുരയി
ആനിക്കാട് (വാർഡ് 5) എന്ന ഗുണഭോക്താവിന് 22500/- രൂപ
നൽകിയിട്ടുണ്ട്. (നിർവ്വഹണ ഉദ്യോഗസ്ഥൻ-വി ഇ ഒ (ആനിക്കാട്
അനുവദിച്ച തുക നിരാകരിച്ച് ഭാഗം 3 ൽ വിശദമായി ഉൾപ്പെടുത്തിയിട്ടു

## 1-18 മുൻകൂറുകൾ ക്രമീകരിക്കുവാൻ അവശേഷിക്ക

ഗ്രാമപഞ്ചായത്തിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി ജീവ
മുൻകൂറുകൾ മൂന്നു മാസത്തിനകം ചെലവ് രേഖകൾ ഹാജരാക
അല്ലാത്തപക്ഷം തുക അനുവദിച്ച തീയതി മുതൽ ചെലവ് രേ
ക്രമീകരിക്കുന്ന തീയതി വരെയുള്ള കാലയളവിൽ 18% പലിശ സഹി
സർക്കാർ ഉത്തരവ് ജി.ഒ.(പി.)നം.419/11/ഫിൻ., തീ.04-10-2011-ൽ വ്യ
ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയുടെ പ
സമയബന്ധിതമായി ക്രമീകരിക്കുന്നില്ലായെന്ന് ബോദ്ധ്യപ്പെട്ടു. വിശദാ

**<u>ഫെസ്റ്റിവൽ അഡ്വാൻസ് -ക്രമീകരിച്ചിട്ടില്ല</u>**

